Registered KL/CR/TCR/353/2006-08
Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Posted at Thrissur RMS/2 on 20&21/11/2007

Keraleeyam
2007 November

Rs. 20/-



• വാർത്ത/വിശകലനം

# കുടിവെള്ള കച്ചവടത്തിന്റെ ശോഭനമായ തന്ത്രം

ടി.കെ. നവീനചന്ദ്രൻ

**തൃശൂരിൽ** പുഴക്കൽപാടത്ത് രൂപംകൊണ്ടുവരുന്ന ശോഭസിറ്റി പണി പൂർത്തിയാകുന്നതോടെ ജില്ലയിലെ ഏറ്റവും ലാഭമുണ്ടാക്കുന്ന വ്യവസായശാലക്കുള്ള അവാർഡും നേടിയേക്കാം. കുറ്റൂർ വില്ലേജിലെ 55 ഏക്കർ നെൽപ്പാടത്ത് ഉയർന്നുവരുന്ന ഈ ഹൈടെക് ടൗൺഷിപ്പിന്റെ ഏറ്റവും മനോഹാരിത ആറേകാൽ ഏക്കർ വിസ്തൃതിയിൽ 20 മീറ്റർ (അതിലും കൂടുതലും) ആഴത്തിൽ നിർമ്മിച്ചുവരുന്ന തടാകമാണ്. ശോഭാസിറ്റിയിൽ ജീവിക്കുന്നവർക്ക് കുളിക്കാനോ കടലാസുവഞ്ചിയുണ്ടാക്കി കളിക്കാനോ ബോട്ടിങ്ങിനോ ഒന്നുമുള്ളതല്ല ഈ ശുദ്ധജലതടാകം. ശോഭാസിറ്റിക്കാവശ്യമായത്ര ജലം സംഭരിച്ചു വിതരണം നടത്തുക എന്നതിനാണ് തടാകം നിർമ്മിച്ചിട്ടുള്ളത്. മഴവെള്ള സംഭരണവും വെയ്സ്റ്റ്വാട്ടർ റീസൈക്കിളിങ്ങും ഉറവയായി വരുന്ന വെള്ളവുമാണ് പരിസ്ഥിതി സൗഹൃദ ടൗൺഷിപ്പിന്റെ കരുതൽ ജലം. തൃശൂരിലെ കോൾനിലങ്ങളിലേക്കുള്ള വെള്ളമെത്തിക്കുന്ന പീച്ചി ഇടതുകര കനാലിനും ഈ കനാലിൽനിന്നും പുഴക്കൽപാടത്തേക്ക് വെള്ളമെത്തിച്ചിരുന്ന വലിയ തോടിനുമിടയിലാണ് ശോഭാ ടൗൺഷിപ്പ് പൊങ്ങിവരുന്നത്. വർഷക്കാലത്ത് ശോഭതടാകം സ്വാഭാവികമായി നിറയുമ്പോൾ വേനൽക്കാലത്ത് പീച്ചിഡാമിൽനിന്നും നെൽകൃഷിക്കായി കൊണ്ടുവരുന്ന വെള്ളം സിറ്റിയുടെ മൂന്നുഭാഗവും ചുറ്റപ്പെട്ടു കിടക്കുന്ന വലതുകര കനാലിലൂടെയും വലിയ തോടിലൂടെയും ഒഴുകുമ്പോൾ ലഭിക്കുന്ന ഉറവയിലൂടെ തടാകത്തിലെ ജലനിരപ്പ് കൃത്യമായും നിലനിർത്താനാവും. ഒരു ടൗൺഷിപ്പിനാവശ്യമായ വെള്ളം ഉപയോഗിക്കുന്നതുകൂടാതെ 53 ലക്ഷം ഘനയടി വെള്ളം സ്ഥിരമായി സൂക്ഷിക്കാനും ഇതുമൂലം കഴിയും.

നാം പീച്ചിഡാമിൽനിന്നും മാലിന്യങ്ങൾ നിറഞ്ഞ വെള്ളം വലിയ പൈപ്പുകളിലൂടെ കൊണ്ടുവന്ന് ഉയരമുള്ള വാട്ടർ ടാങ്കുകളിൽ നിറച്ച് വിതരണം നടത്തുമ്പോൾ ശോഭാസിറ്റിക്കാർ പീച്ചിയിൽനിന്നും വെള്ളം കൊണ്ടുപോകുന്ന കനാലിന്റെയും തോടിന്റെയും മദ്ധ്യത്തിൽ തടാകവും പട്ടണവും പണിത് കനാലിൽനിന്നും ആഴത്തിലുള്ള തടാകത്തിലേക്ക് വെള്ളമൂറ്റിയെത്തിച്ച് വിതരണം (വില്പന) നടത്തുന്നുവെന്നു സാരം. നമ്മുടെ വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ വിദ്യ പ്രായോഗികമാക്കിയാൽ നമുക്ക് ലഭിക്കുന്നത് കോടികളുടെ ലാഭം മാത്രമല്ല സ്ഥിരം പൈപ്പ് പൊട്ടി കുടിവെള്ളം മുട്ടുന്നതിൽനിന്നും മോക്ഷം ലഭിക്കുക എന്നതുകൂടിയാണ്.

ശോഭാ ടൗൺഷിപ്പ് പ്ലാനിൽ പറയുന്ന 4 തിയ്യറ്ററുകളിലും അമ്യൂസ്മെന്റ് പാർക്കിലും സൂപ്പർമാർക്കറ്റുകളിലും ആയിരത്തോളം വരുന്ന വൻ അപ്പാർട്ടുമെന്റുകളിലും തുടങ്ങി വാഹനങ്ങൾ കഴുകുന്നതിനുവരെ ഈ വെള്ളം വിൽക്കുമത്രേ. ഇനി കുപ്പിവെള്ളം മാത്രം കുടിക്കുന്നവർക്ക് ശോഭാ മിനറൽ വാട്ടർ ഉൽപ്പാദിപ്പിക്കാനും ഈ വെള്ളം മാത്രം മതി. ഈ ഹൈടെക് സിറ്റിയേയും വെള്ളം വിൽപ്പനയേയും എതിർക്കേണ്ടതുണ്ടോ എന്ന് പുഴക്കൽപാടത്തെ നെൽവയൽ കുഴിച്ചും നികത്തിയും രൂപാന്തരപ്പെടുത്തിയ ഈ സമയത്ത് ഗുണദോഷങ്ങൾ പരിശോധിച്ച് തീരുമാനിക്കുന്നതാവും നല്ലത്.

മറ്റൊന്ന് മണ്ണിനെ സംബന്ധിക്കുന്നതാണ്. 5ലക്ഷം ചതുരശ്രമീറ്റർ മണ്ണാണ് ഈ തടാകത്തിനുവേണ്ടി കുഴിച്ചെടുത്തിട്ടുള്ളത്. കേരളത്തിൽ നിലനിൽക്കുന്ന എല്ലാ നിയമങ്ങളും കാറ്റിൽപറത്തി - തടാകനിർമ്മാണത്തിനാവശ്യമായത്ര ആഴത്തിൽ കളിമണ്ണ് നീക്കംചെയ്തുകൊള്ളാനാണ് - അനുമതിപത്രത്തിൽ പറയുന്നത്. 5ലക്ഷം ചതുരശ്രമീറ്റർ കളിമണ്ണിന് 50ലക്ഷം രൂപ റോയൽറ്റി ഇനത്തിൽ മൈനിങ്ങ് & ജിയോളജി വകുപ്പിന് അടക്കേണ്ടതുണ്ട്. ഇവിടെ വെറും 60000/- രൂപ മാത്രമേ റോയൽറ്റിയായി ഈടാക്കിയുള്ളു. ബാക്കി 4940000/- രൂപ വാങ്ങാനാവശ്യപ്പെട്ട് തൃശൂർ ജിയോളജിസ്റ്റിന് അപേക്ഷ കൊടുത്തപ്പോൾ ലഭിച്ച മറുപടി അത്രയും മണ്ണ് "കളിമണ്ണല്ല വെറും മണ്ണാ"ണെന്നാണ്.

ഒരു തടാകം നിർമ്മിച്ചതിൽമാത്രം 50ലക്ഷം രൂപയുടെ അഴിമതിയും നിയമവിരുദ്ധ നടപടികളും കോടികളുടെ വെള്ളം വിൽപ്പനക്കുള്ള സൗകര്യം ലാഭമായി കിട്ടണമെന്നുള്ള ധാരണ തന്നെയാണ് അനാവശ്യമായ സംസ്ഥാന സർക്കാരുമായുള്ള ശോഭ ഡവലപ്പേഴ്സിന്റെ ധാരണാപത്രം ഒപ്പിടുന്നതിൽ അടങ്ങിയിട്ടുള്ളത്. ഇനി 35 ലക്ഷം സ്ക്വയർഫീറ്റ് നിർമ്മാണപ്രവർത്തനങ്ങൾക്ക് വേണ്ടി നമ്മുടെ നികുതി നിയമങ്ങൾ വരെ ശോഭക്കുവേണ്ടി വഴി മാറിയേക്കും.

*നേർവഴി, കാനാട്ടുകര, തൃശൂർ*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9447674375, E-mail : keraleeyamtcr@rediffmail.com